| | | | |
|---|---|---|---|
| | | | പ്രകാരമുള്ള ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പ് വരുത്തുന്നതിനുള്ള നിർദ്ദേശം ജില്ലകൾക്ക് നൽകിയിട്ടുണ്ട്. |
| (എഫ്) | സർക്കാരിന്റെ പുതിയ ഉത്തരവ് പ്രകാരം ഇപ്പോൾ ഏതെല്ലാം ജോലികളാണ് പ്രസ്തുത പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എഫ്) | അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ജി) | മത്സ്യമേഖലയെയും ക്ഷീരമേഖലയെയും തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ? | (ജി) | മത്സ്യമേഖലയിൽ, അടിസ്ഥാന സൗകര്യങ്ങളായ മത്സ്യം ഉണക്കുന്ന കേന്ദ്രങ്ങൾ, മത്സ്യം സൂക്ഷിക്കുന്ന കേന്ദ്രങ്ങൾ എന്നിവ നിർമ്മിക്കലും വർഷകാലത്ത് മാത്രം വെള്ളം ലഭ്യമാകുന്ന പൊതുകുളങ്ങളിൽ (Seasonal water bodies on public land) മത്സ്യം വളർത്തുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ എന്നീ പ്രവർത്തികൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മൃഗപരിപാലനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള അടിസ്ഥാനസൗകര്യങ്ങളായ തൊഴുത്ത്, പുൽത്തൊട്ടി എന്നിവയുടെ നിർമ്മാണം പദ്ധതിയിലേറ്റെടുത്തു വരുന്നു. ഈ മേഖലയിലെ ഗുണഭോക്താക്കൾക്ക് കൂടുതൽ മെച്ചപ്പെട്ട വിഭവാടിത്തറ സൃഷ്ടിക്കുന്നതിനായി തൊഴിലുറപ്പ് പദ്ധതി കൃഷി, ഫിഷറീസ്, ഡയറി, മൃഗസംരക്ഷണ വകുപ്പുകളുടെ പദ്ധതികളുമായി സമന്വയിപ്പിച്ച് (Convergence) പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. അതോടൊപ്പം, ക്ഷീരകർഷകരുടെ മൃഗപരിപാലനവുമായി ബന്ധപ്പെട്ട ദൈനംദിന പ്രവൃത്തികൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സംസ്ഥാനം നിരവധി തവണ കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. അനുകൂലമായ മറുപടി നാളിതുവരെ ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ

